


പുറത്ത് നല്ലവണ്ണം ഇരുട്ട് പരന്നിരിക്കുന്നു ക്രിസ്റ്റി ഇനിയുമെത്തിയിട്ടില്ല മകന്റെ കാല്പാദങ്ങൾ പതിഞ്ഞ അടിവയറ്റിലെ വേദനയേക്കാളും അവനെ കാണാത്തതിലുള്ള ഉത്ണ്ഠയായിരുന്നു മനസ്സുമുഴുവനും അവനൊന്നും സംഭവിക്കരുതേ എന്ന ഉള്ളുനുറുങ്ങിയുള്ള പ്രാർത്ഥനയായിരുന്നു ആ മാതൃഹൃദയത്തിലപ്പോൾ, മദ്യപിക്കുവാൻ പണം കൊടുക്കാത്തതിന്റെ പേരിൽ തന്റെ അടിവയറ്റിൽ ചവിട്ടിയിട്ടു പോയ മകൻ...

ജാലകത്തിലൂടെ മകന്റെ  വരവും കാത്ത് അക്ഷമയോടെ പുറത്തേക്കു നോക്കിനില്ക്കേ തന്നെ നോക്കി പല്ലില്ലാത്ത മോണകാട്ടി ചിരിക്കുന്ന ഒരു കുഞ്ഞിന്റെ ചിത്രം സ്റ്റെല്ലയുടെ കണ്ണുകളിൽ തെളിഞ്ഞുനിന്നു. പ്രസവത്തോടുകൂടി ആദ്യഭാര്യ മരിച്ചുപോയ ജോയുടെ രണ്ടാം ഭാര്യയായി താനീ വീട്ടിലേക്കു വന്നപ്പോൾ  അദ്ദേഹത്തിന്റേള അമ്മേയുടെ കൈയിലിരുന്നുകൊണ്ടു തന്നെ നോക്കി ചിരിച്ച ആറുമാസം പ്രായമുള്ള ക്രിസ്റ്റി....

'എനിക്ക് വയസ്സായി എത്രനാളുണ്ടാവുമെന്നറിയില്ല, ഇനി നീയാണിവന്റെ അമ്മ' വാർദ്ധക്യത്തിന്റോ വരമ്പത്ത് തെന്നിവീഴാറായ അദ്ദേഹത്തിന്റെ അമ്മയുടെ വാക്കുകൾ....
താനവനെ വാരിയെടുത്തുകൊണ്ടു തന്റെ ഹൃദയത്തോട് ചേര്ത്തു ... അവന്റെ ഓരോ പുഞ്ചിരിയും തന്റെ! മനസ്സിൽ പൂനിലാവ് പരത്തിയിരുന്നു, അവൻ കരയുമ്പോൾ തന്റെ നെഞ്ചകം പിടഞ്ഞിരുന്നു...  പപ്പയെക്കാളേറെ അവൻ സ്നേഹിച്ചതും തന്നെയായിരുന്നു കോളേജിൽ പോകുവാൻ തുടങ്ങി ഏതാനും നാളുകൾ കഴിഞ്ഞപ്പോഴായിരുന്നു ക്രിസ്റ്റിയുടെ സ്വഭാവത്തിൽ മാറ്റം കണ്ടുതുടങ്ങിയത് കൊളേജിനോടടുത്തുണ്ടായിരുന്ന ആ പഴയ കെട്ടിടത്തിൽ  ബ്ലാക്ക് മാസ്സെന്ന പേരിൽ രഹസ്യമായി നടന്നിരുന്ന മ്ലേച്ഛമായ ആരാധന രീതികൾ.... പൈശാചികാരാധനയോടൊപ്പം മദ്യവും, മയക്കുമരുന്നും, സ്ത്രീശരീരവും ധാരാളമായി ലഭിച്ചിരുന്ന അതിലേക്ക് ധാരാളം യുവജനങ്ങൾ ആകര്ഷിതച്ചെത്തി അതിലോരാളായി തങ്ങളുടെ ക്രിസ്റ്റിയും, അതിന്റെ മറവിൽ വളർച്ച പ്രാപിച്ച മയക്കുമരുന്ന് കച്ചവടത്തിലെ  പ്രധാന കണ്ണികളായിരുന്നു  ക്രിസ്റ്റിയും കൂട്ടുകാരും..... തങ്ങൾ മനസ്സിലാക്കിയപ്പോഴേക്കും ഒത്തിരി വൈകി പോയിരുന്നു.....

പിന്നീട് കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കാതെ തിരിച്ചെത്തിയ മകന്റെ തകർന്ന് ജീവിതം അവന്റെ പപ്പയെ മാനസ്സികമായി തളര്ത്തി ... അവനെയോർത്ത്  സങ്കടപ്പെട്ട് ഹൃദയാഘാതത്തിലൂടെ അദ്ദേഹം മരണപ്പെട്ടപ്പോൾ പിതാവിനെ ഒരു നോക്ക് കാണുവാനെത്താതെ ലഹരിയുടെ ലോകത്ത് വിഹരിച്ച മകൻ....പല ചികിത്സകളും, കൗൺസിലുകളും നടത്തി എന്നിട്ടും.......  എന്നെങ്കിലും അവൻ നേരെയാകുമെന്നുള്ള പ്രതീക്ഷയായിരുന്നു തന്നെ ജീവിക്കുവാൻ പ്രേരിപ്പിച്ചത്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് രാത്രിയുടെ ഏതെങ്കിലും യാമത്തിൽ ഭ്രാന്തനെപ്പോലെ കയറിവരുന്ന മകൻ, അവനുവേണ്ടി നിത്യവും താൻ ഭക്ഷണം വിളമ്പി കാത്തിരുന്നു, ചിലപ്പോൾ ആ ഭക്ഷണമെടുത്തവൻ തന്റെ ദേഹത്തേക്ക് എറിഞ്ഞിരുന്നു, അതോടൊപ്പം കേട്ടാലറയ്ക്കുന്ന തെറിവാക്കുകളുടെ ശരവർഷങ്ങളും....

അവനൊന്നു വന്നിരുന്നെങ്കിൽ.... തന്നെ ചവിട്ടിയ ആ കാല്പാദങ്ങളിൽ ഒരു മുള്ളുവരെയും

കൊള്ളരുതേ, ചുവരിലെ ക്രൂശിതരൂപത്തിനു മുന്നിൽ അവർ മുട്ടുകുത്തി പ്രാർത്ഥിച്ചു...അവരുടെ കണ്ണുകളിൽ നിന്നും ദുഖം പെരുമഴയായി പെയ്തിറങ്ങി.....

പെട്ടന്നാണ് കോളിംഗ് ബെൽ മുഴങ്ങിയത് തന്റെ ക്രിസ്റ്റിവന്നിരിക്കുന്നു പ്രതീക്ഷയോടെ ഓടിച്ചെന്നു വാതിൽ തുറന്നു. എന്നാൽ മകനു പകരം മുന്നിൽ നില്ക്കു ന്ന ആ കാക്കിധാരിയെ കണ്ടപ്പോൾ ആ മാതൃഹൃദയമൊന്നു പിടഞ്ഞു, തന്റെ മകന് എന്തെങ്കിലും ആപത്ത്....?.വണ്ടിയിടിച്ച് ബോധമില്ലാതെ റോഡിൽ കിടന്ന ക്രിസ്റ്റിയുടെ പോക്കറ്റിൽ നിന്നും കിട്ടിയ അഡ്രസ്സ് തേടിയെത്തിയതായിരുന്നു ആ കാക്കിധാരി....

അയാളോടൊപ്പം ദേവമാതാ ഹോസ്പിറ്റലിന്റെ പടി ചവിട്ടിയപ്പോൾ മനസ്സിനു വല്ലാത്ത വിറയൽ അനുഭവപ്പെട്ടു, ആരോ തുറന്നുകൊടുത്ത സി.സി.യുവിന്റെ വാതിൽപ്പടിയിലൂടെ അകത്തു പ്രവേശിച്ചപ്പോൾ മനസ്സു മുഴുവൻ മകനുവേണ്ടിയുള്ള പ്രാർത്ഥനയായിരുന്നു ശരീരമാസകാലം മുറിവേറ്റ് ബാൻഡേജിൽ പൊതിഞ്ഞു കിടക്കുന്ന മകന്റെ ശരീരത്തിൽ വിറയാർന്ന കൈകൾക്കൊണ്ട് തഴുകി.... പെട്ടന്നാണു അവരുടെ കണ്ണുകൾ ആ കാഴ്ച കണ്ട്ഞെട്ടിത്തരിച്ചത് അമ്മയുടെ അടിവയറ്റിൽ ചവിട്ടിയ മകന്റെ വലതുകാലിന്റെ മുട്ടിനുതാഴെ ശൂന്യം.....വലതുകാലിനെ പൊതിഞ്ഞ ബാൻഡേജിലൂടെ എന്തോ നനവ് അനുഭവപ്പെട്ടപ്പോഴാണ് ക്രിസ്റ്റി മിഴികൾ തുറന്നത്, തന്റെ വലതുകാൽ കൈക്കുമ്പിളിൽ ചേർത്തു വെച്ചു പൊട്ടിക്കരയുന്ന അമ്മ....തന്നേ നോക്കി എന്തോ പറയുവാൻ ചുണ്ടുകൾ പിളർത്തിയ മകനെ തടഞ്ഞുകൊണ്ടു അമ്മ മന്ത്രിച്ചു

□□ഇല്ല മോനെ നിന്നെ ഞാൻ! ഒരിക്കലും ശപിച്ചിരുന്നില്ല□
□എന്നിട്ടും ന്റെന മോന്റെ വലതുകാൽ......□□

മകനോട് ചേർന്നു കിടന്നുകൊണ്ട് അവന്റെ കണ്ണുകളിലൂടെ ഒഴുകിയിറങ്ങിയ പശ്ചാത്താപത്തിന്റെ കണ്ണുനീർ അവർ തുടച്ചുനീക്കി പിന്നെ അവനെ സ്വന്തം മാറോടു ചേർത്തു കിടത്തി, താൻ നയിച്ച മ്ലേച്ഛ ജീവിതത്തിലും കൂട്ടുകെട്ടുകളിലും തനിക്ക് ലഭിക്കാത്ത യഥാർത്ഥ സ്നേഹം അവൻ തിരിച്ചറിഞ്ഞു....പാതി നഷ്ടപ്പെട്ട അവന്റെ വലതു കാലിൽ തലോടിക്കൊണ്ട് ആ അമ്മയുടെ അധരങ്ങൾ മന്ത്രിച്ചു എല്ലാം നന്മക്കായി.... അതുകൊണ്ടല്ലേ എന്റെയീ മോനെയെനിക്ക് തിരിച്ച് കിട്ടിയത് അപ്പോൾ പല്ലില്ലാത്ത മോണ കാട്ടി ചിരിച്ചുകൊണ്ട് അമ്മയുടെ മാറിൽ ചേർന്നുറങ്ങുന്ന ഒരിളം പൈതലായി അവൻ മാറുകയായിരുന്നു.....